**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ന്യൂനപക്ഷ ക്ഷേമം - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് അനുവദിക്കുന്ന പദ്ധതി - തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(കൈ)നം.226/2009/പൊഭവ തിരുവനന്തപുരം, തീയതി:3.10.2009.**

പരാമർശം - 1) 16.8.2008-ലെ സ.ഉ (കൈ) നം.278/2008/പൊഭവ സർക്കാർ ഉത്തരവ്.
2) 6.11.2008-ലെ സ.ഉ (കൈ) നം.355/2008/പൊഭവ സർക്കാർ ഉത്തരവ്.
3) 25.7.09 - ലെ ഉന്നതതല യോഗതീരുമാനം.

**<u>ഉത്തരവ്</u>**

ന്യൂനപക്ഷക്ഷേമം സംബന്ധിച്ചുള്ള സച്ചാർ കമ്മീഷൻ റിപ്പോർട്ടിൻമേൽ പാലോളി മുഹമ്മദ് കുട്ടി കമ്മിററി സർക്കാരിന് സമർപ്പിച്ച ശുപാർശകളനുസരിച്ച് ബിരുദ/ ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പും, ഹോസ്റ്റൽ സ്റ്റൈപ്പന്റും അനുവദിക്കുന്നതിനും ഈ പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായി. പരാമർശം രണ്ട് പ്രകാരം ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായി. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി ഒരു സൂപ്പർ വൈസർ, ഒരു ഡാററാ എൻട്രി ഓപ്പറേററർ എന്നീ തസ്തികകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിക്കുവാൻ 25.7.09 ലെ ഉന്നതതല യോഗത്തിൽ തീരുമാനിച്ചു.

2. ബിരുദ/ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് പാലോളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ പ്രകാരം ഏർപ്പെടുത്തിയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് താഴെപ്പറയുന്ന തസ്തികകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | പ്രതിമാസ ശമ്പളം (രൂപ) |
|---|---|---|---|
| 1 | സൂപ്പർ വൈസർ | 1 | 15,000/- (പതിനയ്യായിരം മാത്രം) |
| 2 | ഡാററാ എൻട്രി ഓപ്പറേററർ | 1 | 10,000/- (പതിനായിരം മാത്രം) |

3. ടി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ഓപ്പൺ മാർക്കററിൽ നിന്നും നിയമനം നടത്തേണ്ടതാണ്.

4. ഇതിലേയ്ക്കാവശ്യമായ ചെലവ് '2225-03-800-93 (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**നീലാ ഗംഗാധരൻ,**
**ചീഫ് സെക്രട്ടറി.**

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര - പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് (അനക്സ്), സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.8.2009- ലെ 55084/WW1/09/ ഫിൻ പ്രകാരം).
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (30/09/2009- ലെ ഇനം നം. 3776 പ്രകാരം)
പകർപ്പ്:- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**